പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5944 09.07.2012 - ൽ മറുപടിക്ക്

## റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ഭരണമേറ്റശേഷം റോഡ് വികസനവുമായി ബന്ധപ്പെട്ട് പുതിയതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1200 - ൽ പരം കിലോമീറ്റർ റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള റോഡു വികസന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ഇതു കൂടാതെ കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നീ അഞ്ചു നഗരങ്ങളിൽ നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. ദേശീയപാതാ വിഭാഗത്തിൽ മലബാർ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിയ്ക്കുന്നതിലേക്കായി 69.16 കോടിയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്ത് ആകമാനമുള്ള ദേശീയപാതയിലെ അറ്റകുറ്റപണികൾ നടത്തുന്നതിലേക്കായി 20.69 കോടി രൂപയ്ക്കുള്ള പണികൾ നടപ്പിലാക്കിയിട്ടുണ്ട്. പാതകളും പാലങ്ങളും വിഭാഗത്തിൽ 599.9 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും പുറപ്പെടുവിക്കുകയും അതനുസരിച്ച് |

പ്രവൃത്തികൾ നടപ്പിലാക്കുന്ന നടപടികൾ സ്വീകരിച്ചും വരുന്നു. കെ. എസ്. റ്റി. പി. യുടെ രണ്ടാംഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ലോക ബാങ്ക് ധനസഹായത്തോടു കൂടി 2013 ജനുവരി മാസത്തോടെ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽപ്പെടുത്തി 367 കി.മീ. റോഡുകൾ അപ്ഗ്രേഡ് ചെയ്യാനും 1000 കി.മീ ഹെവി മെയിന്റനൻസ് ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിൽ കേരളത്തിലെ റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള-തായ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ബി) എൻ. എച്ച്. ഡി. പി. Phase II & III.
എൻ. എച്ച്. ഡി. പി. Phase IV

2011 – 2012 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽപ്പെടുത്തി, കേന്ദ്രം 154.59 കോടിക്കുള്ള പദ്ധതികൾക്ക് അംഗീകാരം നല്കുകയും അവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ, കേന്ദ്രം 353.40 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് ഉൾപ്പെടുത്തി -യിരിക്കുന്നത്. ഇവയുടെ അംഗീകാര-ത്തിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. കൂടാതെ സി. ആർ. എഫ്. സ്കീമിലും ഇന്റർസ്റ്റേറ്റ് കണക്ടി-വിറ്റിയിലും ഉൾപ്പെടുത്തി മൊത്തം 1260 കോടി രൂപയുടെ 111 വർക്കുകൾ കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**